## അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തോടനുബന്ധിച്ച് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും, ഇടുക്കി ഫയർ റെസ്ക്യൂ വകുപ്പും , ജില്ലാ മെഡിക്കൽ ഓഫീസും സംയുക്തമായി സന്നദ്ധ രക്ഷാപ്രവർത്തകസേനയായ അപ്ദമിത്ര പ്രവർത്തകരെ ആദരിച്ചു, ഒപ്പം ജില്ലയിലെ സന്നദ്ധ പ്രവർത്തകർക്ക് ഏകദിന പരിശീലനപരിപാടിയും സംഘടിപ്പിച്ചു. ഇടുക്കി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ  ഹാളിൽ വെച്ച് സംഘടിപ്പിച്ച ചടങ്ങ് ജില്ലാ കളക്ടർ വി. വിഘ്നേശ്വരി ഐ. എ. എസ് അവറുകൾ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ ഫയർ ആൻഡ് റസ്ക്യു ഓഫീസർ നിർദ്ദേശിച്ച 10  മികച്ച ആപ്ദ മിത്ര പ്രവർത്തകർക്കുള്ള ബാഡ്ജ് ഓഫ് ഓണർ ജില്ല കളക്ടർ  സമ്മാനിച്ചു. ചടങ്ങിൽ ദുരന്തനിവാരണ ജൂനിയർ സൂപ്രണ്ട് നാരായണൻകുട്ടി പി.ബി അധ്യക്ഷത വഹിച്ചു.ജില്ലാ ഹസാർഡ് അനാലിസ്റ്റ് രാജീവ് ടി. ആർ ചടങ്ങിൽ സ്വാഗതം ആശംസിച്ചു.  , ഡി എം പ്ലാൻ ജില്ലാ കോർഡിനേറ്റർ കൃഷ്ണപ്രിയ, ദുരന്തനിവാരണവിഭാഗത്തിലെ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ പങ്കെടുത്തു. ദുരന്ത നിവാരണ വിഭാഗത്തിലെ സീനിയർ ക്ലർക്ക് ഷാമോൻ സി.എസ് ചടങ്ങിൽ  നന്ദി പ്രകാശിപ്പിച്ചു. ദിനാചരണത്തോട് അനുബന്ധിച്ച് ജില്ലയിലെ എൽ. പി, യു. പി, ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് ചിത്ര രചനാ മത്സരവും സംഘടിപ്പിച്ചു.


കളക്ടറേറ്റ് കോൺഫറൻസ് ഹാൾ
ഇടുക്കി



അന്താരാഷ്ട്ര ദുരന്ത ലഘൂകരണ
ദിനാചരണം 2024
DISASTER RISK
REDUCTION
CERTIFICATE